(സി) കേന്ദ്ര സഹായം ഒന്നുംതന്നെ ഇപ്പോൾ ലഭിക്കുന്നില്ല.

(ഡി) ഇതിനായി മണിക്കൂറിൽ 2000 മുതൽ 10000 ലിറ്റർ വരെ കുടിവെള്ളം ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലവണാംശം അധികമായ ജലം റിവേഴ്സ് ഓസ്മോസിസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് കുടിവെള്ളമായി നൽകുകയാണ് ലക്ഷ്യം.

ചെക്ക് ഡാമുകളുടെ നിർമ്മാണം

148 (3582) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ ചെക്ക് ഡാമുകൾ പണിയുവാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; ഇതിന്റെ ചെലവ് എത്ര ; ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ പണി പൂർത്തീകരിച്ച ചെക്ക് ഡാമുകൾ ഏതൊക്കെ ;

(സി) ഇപ്പോൾ പണി നടക്കുന്ന ചെക്ക് ഡാമുകൾ ഏതൊക്കെയെന്നും പേരു സഹിതം വിവരിക്കുമോ ;

(ഡി) ചെക്ക് ഡാമുകളുടെ പണിയ്ക്കായി 2011 മുതൽ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ഓരോ കൊല്ലവും എത്രവീതമെന്ന് വിവരിക്കുമോ ;

(ഇ) ഏറ്റവും കൂടുതൽ ചെക്ക് ഡാം ഉള്ള ജില്ല ഏതാണ് ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ജലസേചന വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

149 (3583) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിൽ നിന്നും അതത് ജില്ലകൾക്ക് ലഭിക്കാനുള്ള ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര വേക്കൻസികൾ ഇനിയും പി.എസ്.സി.-ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly